# കേരള സർവകലാശാല

നം.പി.ആർ.158/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### റിസർച്ച് പ്രോജക്ട് അവാർഡ് – അപേക്ഷ ക്ഷണിച്ചു

സർവകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിലും, സെന്ററുകളിലുമുള്ള അദ്ധ്യാപകരിൽ നിന്ന് 2019–20 സാമ്പത്തികവർഷത്തിലെ 'റിസർച്ച് പ്രോജക്ട്' അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### ഐ.എം.കെ, എം.ബി.എ കൗൺസിലിംഗ് തീയതികൾ

എം.ബി.എ_പ്രവേശനത്തിനുള്ള കൗൺസിലിംഗ് കാര്യവട്ടം കാമ്പസിലെ ഐ.എം.കെയിൽ ആഗസ്റ്റ് 24 മുതൽ ആരംഭിക്കുന്നതാണ്. 1 മുതൽ 50 വരെയുള്ള റാങ്കുകാർക്ക് ആഗസ്റ്റ് 24 നും 51 മുതൽ 100 വരെയുള്ള റാങ്കുകാർക്ക് 25 നും റിസർവേഷൻ വിഭാഗക്കാർക്ക് ആഗസ്റ്റ് 26 നും കൗൺസിലിംഗ നടത്തും. കൗൺസിലിംഗിന് പങ്കെടുക്കാനുള്ള അറിയിപ്പ് ഇ–മെയിൽ, എസ്.എം.എസ് എന്നിവ മുഖാന്തിരം അയച്ചിട്ടുണ്ട്. അറിയിപ്പ് ലഭിക്കാത്തവർ 8137040422 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

എം.ബി.എ (സി.എസ്.എസ് – ഈവനിംഗ് – റെഗുലർ) പ്രവേശനത്തിനുള്ള കൗൺസിലിംഗ് പ്രദ്ധീകരിച്ച സെലക്ഷൻ ലിസ്റ്റ് പ്രകാരം 2020 ആഗസ്റ്റ് 27 ന് രാവിലെ 10 മുതൽ കാര്യവട്ടം ഐ.എം.കെയിൽ നടക്കും. ലിസ്റ്റിലുൾപ്പെട്ട എല്ലാവർക്കും ഇ–മെയിൽ, എസ്.എം.എസ് എന്നിവ അയച്ചിട്ടുണ്ട്. ലഭിക്കാത്തവർ 9447268840 എന്ന നമ്പറിൽ ബന്ധപ്പെടുക.

### വൈവ വോസി

പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എ എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷകളുടെ വൈവ വോസി ആഗസ്റ്റ് 26 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. കേരള ലോ അക്കാഡമി ലോ കോളേജ്, തിരുവനന്തപുരം – ആഗസ്റ്റ് 26, 27, സെപ്റ്റംബർ 07, 08 ഗവ.ലോ കോളേജ്, തിരുവനന്തപുരം – സെപ്റ്റംബർ 11, 14, 15 മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ, നാലാഞ്ചിറ, തിരുവനന്തപുരം – സെപ്റ്റംബർ 16, 17, 18, 22, 23 സി.എസ്.ഐ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവാരക്കോണം – സെപ്റ്റംബർ 24, 25, 28, 29 എൻ.എസ്.എസ് ലോ

കോളേജ്, കൊട്ടിയം – സെപ്റ്റംബർ 30, ഒക്ടോബർ 1 ശ്രീ.നാരായണഗുരു കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, കൊല്ലം – ഒക്ടോബർ 5, 6, 7, 8.

വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി രാവിലെ 9.30 ന് തന്നെ ഹാജരാകേണ്ടതാണ്. കോവിഡ് പശ്ചാത്തലത്തിൽ പ്രസ്തുത കോളേജുകളിൽ ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾ ഓൺലൈൻ വൈവയ്ക്കായി ആഗസ്റ്റ് 25 നുള്ളിൽ കോളേജ് പ്രിൻസിപ്പൽമാർക്ക് അപേക്ഷ നൽകേണ്ടതാണ്.  വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർവകലാശാല അഫിലിയേറ്റഡ് കോളേജുകളിലെ എം.കോം വൈവ വോസി പരീക്ഷകൾ ആഗസ്റ്റ് 24 മുതൽ നടത്തുന്നതാണ്.  വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫീസ്

ആറാം സെമസ്റ്റർ ബി.ടെക് ഡിഗ്രി (2008 സ്കീം) സപ്ലിമെന്ററി/മേഴ്സി ചാൻസ് (2007 അഡ്മിഷൻ വരെ) സെപ്റ്റംബർ 2020 പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 24 മുതൽ ആരംഭിക്കുന്നു.  പിഴ കൂടാതെ സെപ്റ്റംബർ 7 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 11 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും അപേക്ഷിക്കാം.  വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (മേഴ്സിചാൻസ് 2009 അഡ്മിഷൻ വരെ) റീസ്ട്രക്ച്ചേർഡ് ഡിഗ്രി കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.  പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 7 വരെ ഓൺലൈനായി അപേക്ഷിക്കാം.  വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടന്ന സി.ബി.സി.എസ് ബി.കോം ആറാം സെമസ്റ്റർ  2017 അഡ്മിഷൻ (റെഗുലർ), 2016, 2015 & 2014 അഡ്മിഷൻ (സപ്ലിമെന്ററി), 2013 അഡ്മിഷൻ (മേഴ്സിചാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാണ്.  പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ ഓൺലൈനായി അപേക്ഷിക്കാം. ഇതിനായി വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്ന കരട് മാർക്ക് ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
21.08.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098